പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6757 9.11.2016 -ൽ മറുപടിയ്ക്ക്

**ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി ഡിഗ്രി കോഴ്സ് പാസായവരുടെ തൊഴിലവസരം**

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് : | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്തെ ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി ഡിഗ്രി കോഴ്സ് പാസായ തൊഴിൽ രഹിതർക്ക് ടൂറിസം മേഖലയിൽ ജോലി ലഭിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ) | കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ആറ് സെമസ്റ്ററിലായി നടത്തുന്ന ബി.എസ്സ്.സി ഹോസ്പിറ്റാലിറ്റി & ഹോട്ടൽ അഡ്മിനിസ്ട്രേഷൻ കോഴ്സിലെ അവസാന വർഷ വിദ്യാർത്ഥികൾക്കായി കാമ്പസ് ഇന്റർവ്യൂ മുഖേന തൊഴിലവസരങ്ങൾ ഒരുക്കാറുണ്ട്. ഇതിനായി ഇന്ത്യയിലെ പ്രമുഖ ഹോട്ടൽ ഗ്രൂപ്പുകളെ കാമ്പസ് ഇന്റർവ്യൂ നടത്തുന്നതിനായി ക്ഷണിക്കാറുണ്ട്. അംഗീകൃത യൂണിവേഴ്സിറ്റികളിൽ നിന്ന് ഈ യോഗ്യത നേടിയവർക്ക് സർക്കാർ നിയന്ത്രണത്തിലുള്ള ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലിക്ക് അപേക്ഷിക്കാവുന്നതാണ്. |
| ബി) | ഇത്തരം ബിരുദധാരികൾക്ക് ജോലി ലഭിക്കുന്നതിനുവേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ കഴിയുമോ എന്ന് വിശദമാക്കുമോ; | ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| സി) | വി.എച്ച്.എസ്.ഇ. പോലുള്ള പഠന സമ്പ്രദായങ്ങളിൽ ഈ കോഴ്സുകൂടി ഉൾപ്പെടുത്തുന്നതിനു വേണ്ടി ടൂറിസം ഡിപ്പാർട്ട്മെന്റ് മുൻകൈയെടുക്കുമോ? | സി) | വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വി.എച്ച്.എസ്.ഇ-യിൽ ഡിഗ്രി തലത്തിലുള്ള കോഴ്സുകൾ അല്ല ഇപ്പോൾ നടക്കുന്നത്. എങ്കിലും കാറ്ററിംഗ് സംബന്ധിച്ച കോഴ്സുകൾ വി.എച്ച്.എസ്.ഇ-യിൽ ഇപ്പോൾ നടക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ